കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

കേരള സംസ്ഥാന ഓഡിറ്റ് മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.4/939/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി.03-09-2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മിഷണർ (ജനറൽ )

3)കാര്യാലയ പകർപ്പ്

എം.എ.9/2020

നം.കെ.എസ്.എ.എം.പി.എം.4/939/2020

തിയ്യതി: 03-09-2020

<u>മലപ്പുറം ജില്ലയിലെ മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 13-05-2019 മുതൽ 30-07-2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഷാജഹാൻ എ.എസ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01-07-2020 മുതൽ 10-07-2020 വരെ |

<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</u>

| | |
|---|---|
| ശ്രീ. ഉണ്ണി പി | ഓഡിറ്റ് ഓഫീസർ(HG) |
| ശ്രീ. ബിജേഷ് എ.എസ് | ഓഡിറ്റർ |
| ശ്രീ. മുഹമ്മദ് നൗഷാദ് എ.കെ | ഓഡിറ്റർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. സലീന. കെ | 01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീമതി. നിർമ്മല. ടി | 01-04-2018 മുതൽ 04-04-2018 വരെ |
| | ശ്രീ. ഹൈദ്രോസ് പൊറ്റേങ്ങൽ | 05-04-2018 മുതൽ 18-07-2018 വരെ |
| | ശ്രീമതി. നിർമ്മല. ടി | 19-07-2018 മുതൽ 31-03-2019 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| സെക്രട്ടറി | ശ്രീമതി. നിർമ്മല. ടി | 01.04.2018 മുതൽ 04.04.2018 വരെ |
| | ശ്രീ. ഹൈദ്രോസ് പൊറ്റേങ്ങൽ | 05-04-2018 മുതൽ 18-07-2018 വരെ |
| | ശ്രീമതി. നിർമ്മല. ടി | 19-07-2018 മുതൽ 31-03-2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.അനിൽകുമാർ.സി | 01.04.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. ഉമ്മർ പള്ളിയാളി | 01.04.2018 മുതൽ 31.3.2019 വരെ |
| കൃഷി അസി. ഡയറക്ടർ | ശ്രീമതി.റോസ്‌ലി മാത്യു | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ. അനിൽദാസ്.കെ.ടി | 01.04.2018 മുതൽ 31.03.2019 വരെ |
| അസി. എഞ്ചിനീയർ | ശ്രീ. അബ്ദുൽ ഷുക്കൂർ പി | 01.04.2018 മുതൽ 31.05.2018 വരെ |
| | ശ്രീമതി. സമീന പി | 01.06.2018 മുതൽ 31.03.2019 വരെ |
| സി. ഡി. പി.ഒ (മലപ്പുറം-അഡീഷണൽ) | ശ്രീമതി. മേരി ജോൺ | 01.04.2018 മുതൽ 31.03.2019 വരെ |
| സി. ഡി. പി.ഒ (മലപ്പുറം-റൂറൽ) | ശ്രീമതി. ബിന്ദു എം.കെ | 01.04.2018 മുതൽ 27.05.2018 വരെ |
| | ശ്രീമതി. അലീമ എസ് | 28.05.2018 മുതൽ 31.03.2019 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീമതി. നദീറ ബീഗം എ | 01.04.2018 മുതൽ 15.06.2018 വരെ |
| | ശ്രീ. ഷിഹാബുൽ അക്ബർ സി.ടി | 16.06.2018 മുതൽ 31.03.2019 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി.സജിനി ഡി | 01.04.2018 മുതൽ 03.04.2018 വരെ |
| | ശ്രീമതി.മഞ്ജു വി | 04.04.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെൻെറ് പ്രകാരം | 1-3 |
| 4 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | വാടകയും വാടക കുടിശ്ശികയും യഥാസമയം പിരിച്ചെടുക്കുന്നില്ല | 1-12 |
| 13 | ഭവന നിർമ്മാണ പദ്ധതികൾ- തുക വിനിയോഗ വിവരം ലഭ്യമായില്ല. | 1-13 |
| 14 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക അനുവദിച്ചത് - പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-14 |
| 15 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് മുച്ചക്രവാഹനം പദ്ധതി - അപാകതകൾ | 1-15 |
| 16 | വയോജനങ്ങൾക്ക് ശ്രവണസഹായി നൽകിയത് -അപാകതകൾ | 1-16 |
| 17 | പെൺകുട്ടികൾക്കുള്ള ആഭരണ നിർമ്മാണ പരിശീലനം -അപാകതകൾ | 1-17 |
| 18 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി - വാല്വേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല | 1-18 |
| 19 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ പ്രവർത്തനക്ഷമമാക്കേണ്ടതാണ് | 1-19 |
| | | |

| | | |
|---|---|---|
| 20 | പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- തനത് ഫണ്ട് വരുമാനം ശേഖരിക്കുന്നതിലെ അപാകത | 1-20 |
| 21 | വാർഷിക പദ്ധതി രൂപീകരണത്തിൽ നടപടിക്രമങ്ങൾ പാലിക്കുന്നതിലെ പോരായ്മകൾ | 1-21 |
| | ഭാഗം 2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 22 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 23 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 24 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-3 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 26 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 28 | ഓഡിറ്റ് റിക്കവറി | 4-7 |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 30 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |
| 34 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 2 |
| 35 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 3 |
| 36 | ബാലൻസ് ഷീറ്റ് | 4 |


## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

| | |
|---|---|
| 2018-19 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | 01/28.03.2018 |
| പുതുക്കിയ ബജറ്റ് തീരുമാന നം./തിയ്യതി | 03/16.02.2019 |

### 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 15.05.2019 |

### 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെൻറ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 13790864 |
| വരവ് | 51173751 |
| ആകെ | 64964615 |
| ചെലവ് | 52931750 |
| നീക്കിബാക്കി | 12032865 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (ലാപ്സായ തുക) |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 39448000 | 39448000 | 34200916 | 5247084 |
| വികസനഫണ്ട് എസ്.സി.പി. | - | 9887000 | 9887000 | 6248318 | 3638682 |
| വികസനഫണ്ട് ടി.എസ്.പി. | - | 322000 | 322000 | - | 322000 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 4680000 | 4680000 | 1862279 | 2817721 |
| സാക്ഷരത (എസ്.ബി.ഐ) | 88754 | 53188 | 141942 | 49150 | 92792 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് (അഡ്മി.ചെലവ്) | 335967 | 196652 | 532619 | 408545 | 124074 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്(ബ്ലോക്ക്) | 2419000 | 398840 | 2817840 | 2281256 | 536584 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 3215640 | 5091111 | 8306751 | 4076143 | 4230608 |
| ജില്ലാ സഹകരണ ബാങ്ക് ഐ.എ.വൈ ലോൺ | 4796 | 0 | 4796 | 4796 | 0 |
| തനത് ഫണ്ട് | 69281 | 2455 | 71736 | 71 | 71665 |
| യു.ബി.ഐ( IAY GP/BP/DP) | 5801139 | 3471704 | 9272843 | 4451360 | 4821483 |
| പി.എൻ.ബി ( TSC) | 617696 | 26030 | 643726 | 72 | 643654 |
| എസ്.എം.ജി.ബി ( TSC) | 395617 | 64997 | 460614 | 53585 | 407029 |
| ഇന്ത്യൻ ബാങ്ക് ( (WGDP) | 7556 | 289 | 7845 | 0 | 7845 |
| ജില്ലാ ട്രഷറി മലപ്പുറം – സ്പെഷ്യൽ ഫണ്ട് 1 | 555 | 0 | 555 | 0 | 555 |
| ഇന്ത്യൻ ബാങ്ക് ( TSC) | 1175626 | 45084 | 1220710 | 60 | 1220650 |

1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ |
|---|---|---|---|---|---|---|

| | | | | (എണ്ണം) | | ശതമാനം |
|---|---|---|---|---|---|---|
| 80 | 67523569 | 53 | 42311513 | 0 | 27 | 62.66 |

പാതി വഴിയിൽ ഉപേക്ഷിച്ച് പാഴ്ചെലവായ പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 335967 | 196652 | 532619 | 408545 | 124074 |

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.07.2020 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 1875/-രൂപയുടെ കൃത്യത ഉറപ്പു വരുത്തി.

## 1-9 ആഭ്യന്തര നിയന്ത്രണം

1) വാഹനങ്ങളുടെ ലോഗ്ബുക്കുകൾ കൃത്യമായി പരിപാലിക്കുന്നില്ല, 37 ലിറ്റർ ഫ്യുവൽ ടാങ്ക് കപ്പാസിറ്റിയുള്ള മാരുതി സ്വിഫ്റ്റ് ഡിസയർ കാറിൽ 2018 മെയ് മാസത്തിൽ 46 ലിറ്റർ ഡീസൽ നീക്കിയിരിപ്പുള്ളതായും, ലോഗ്ബുക്കിൽ 18കി.മീ/ലിറ്റർ മൈലേജും 01.04.18 ന് 18.8 ലിറ്റർ ഡീസൽ മുന്നിരിപ്പും രേഖപ്പെടുത്തിയത് പ്രകാരം വാഹനത്തിന് ഓടാവുന്നത് 338 കി.മീറ്ററാണ്, എന്നാൽ 06.04.18ന് വാഹനത്തിൽ വീണ്ടും ഇന്ധനം നിറക്കുന്നത് വരെ(05.04.18 വരെ) 472 കി.മീറ്റർ(134 കി.മീ. അധികം) ഓടിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ധനക്ഷമത ടെസ്റ്റ് നടത്തിയതിന്റെ സാക്ഷ്യപത്രവും ലഭ്യമല്ല.

2)ആഭ്യന്തര നിയന്ത്രണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട മറ്റ് പോരായ്മകൾ തുടർന്നുള്ള ഖണ്ഡികകളിൽ സൂചിപ്പിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ്(എ.ഡി.സി) | 13.01.20 മുതൽ 20.01.20 വരെ | 1-4-2018 മുതൽ 31-03-2019 വരെ | 01-07-2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.11.2013 | 2008-09 മുതൽ 2012-13 വരെ | 02-01-2014 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ, കെ.എസ്.എ.എം.പി.എം 4/1521/2019/24.08.2019 നമ്പർ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ പരാമർശിച്ച അപാകതകൾ ചുവടെ കൊടുക്കുന്നു:

1)അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തികളുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

2)അസ്സറ്റ് രജിസ്റ്ററിൽ ആസ്തികളുടെ മൂല്യം രേഖപ്പെടുത്താത്തതിനാൽ ബാലൻസ് ഷീറ്റ് പ്രകാരം സ്ഥാപനത്തിന്റെ ആസ്തിയായി കാണിച്ച തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

3)31.03.2019 ലെ ബാലൻസ്ഷീറ്റിൽ Capital Work in Progress ആയി കാണിച്ച തുകകളുടെ നിജസ്ഥിതി പരിശോധിക്കുന്നതിന് ആവശ്യമായ രേഖ പരിശോധനക്ക് ലഭ്യമായിട്ടില്ല.

4)ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.
5)വാടക വരവ് ഡിമാന്റ് രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
6)31.03.2019 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം ബാധ്യതയായി കാണിച്ച തുകകളുടെ നിജസ്ഥിതി പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല

### 1-12 വാടകയും വാടക കുടിശ്ശികയും യഥാസമയം പിരിച്ചെടുക്കുന്നില്ല

വാടക രജിസ്റ്ററും അനുബന്ധ ഫയലും പരിശോധിച്ചതിൽ, ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള കെട്ടിടങ്ങളിലെ മുറികൾ വാടക്ക് നൽകിയിട്ടുള്ളതിൽ, വാടക സമയ ബന്ധിതമായി പിരിച്ചെടുക്കുന്നതിലെ വീഴ്ചയുൾപ്പടെയുള്ള അപാകതകൾ ശ്രദ്ധയിൽപെട്ടു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>ഒതുക്കുങ്ങൽ ബ്ലോക്ക് വ്യവസായ വിപണന കേന്ദ്രം:</u>

രജിസ്റ്റർ പ്രകാരം ഈ കെട്ടിടത്തിൽ 8/7 A മുതൽ 8/7 L വരെ നമ്പരുകളിൽ 12 മുറികളുണ്ട് (ഇതിൽ 8/7 J മീറ്റർ മുറിയാണ്). മുറികൾ വാടകക്ക് നൽകുന്നതിനായി 30.09.2014ന് മുൻപായി അപേക്ഷ സമർപ്പിക്കാനാവശ്യപ്പെട്ട് കൊണ്ട് 18.09.2014ൽ മാധ്യമം ദിനപത്രത്തിൽ പരസ്യം നൽകിയിരുന്നു. മുറികളുടെ വാടക നിശ്ചയിക്കുന്നതിന് 16.07.14ലെ ഭരണസമിതി മീറ്റിംഗിലെ 1(3) നമ്പർ തീരുമാനപ്രകാരം വൈസ് പ്രസിഡണ്ട് ചെയർമാനായി സമിതി രൂപീകരിക്കുകയും സമിതി വാടക നിശ്ചയിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു( വാടക നിരക്ക് ഭരണസമിതി അംഗീകരിച്ചതായി ഫയലിൽ വ്യക്തമാക്കിയിട്ടില്ല, അംഗീകരിച്ചിട്ടുണ്ടെങ്കിൽ തീരുമാന നമ്പർ ലഭ്യമാക്കേണ്ടതാണ്). ലഭ്യമായ അപേക്ഷകരിൽ, നിശ്ചിത തിയതിക്കകം ബ്ലോക്ക് പഞ്ചായത്തുമായി കരാർ ചമക്കാത്തതിനാൽ ഒഴിവായ 5 കടമുറികൾ വാടകക്ക് നൽകുന്നതിനായി 29.06.15ലെ 1(3) നം. ഭരണസമിതി തീരുമാനപ്രകാരം വീണ്ടും അപേക്ഷ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ആകെ ലഭ്യമായ അപേക്ഷകരുമായി ചമച്ച വാടക കരാർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന. | കക്ഷിയുടെ പേര് | കരാർ തിയതി | മുറികൾ/റൂം നമ്പർ | ഒരു മുറിയുടെ മാസ വാടക | കരാർ കാലാവധി |
|---|---|---|---|---|---|
| 1 | ശ്രീമതി. സക്കീന പി.കെ | 09.10.2014 | 08/7 G, H, I (മൂന്ന് മുറികൾ) | 7G, 7H : 2000<br>7 I : 1500 | 01.01.2015 മുതൽ ഒരു വർഷത്തേക്ക് |
| 2 | ശ്രീമതി. അസ്മാബി കടമ്പോട്ട് | 09.10.2014 | 08/7 F | 2000 | 01.01.2015 മുതൽ ഒരു വർഷത്തേക്ക് |
| 3 | ശ്രീമതി. സുബൈദ ടി.ടി | 05.12.2014 | 08/7 E | 1500 | 01.01.2015 മുതൽ ഒരു വർഷത്തേക്ക് |
| 4 | ശ്രീമതി. ആയിഷ w/o അക്ബറലി | 24.12.2014 | 08/7 A | 3500 | 01.01.2015 മുതൽ ഒരു വർഷത്തേക്ക് |
| 5 | ശ്രീമതി. ഖൈറുന്നീസ പതിയിൽ | 27.12.2014 | 08/7 D (കോണി മുറി) | 500 (04.12.14ലെ IV(3) നം ഭരണസമിതി തീരുമാനം) | 01.01.2015 മുതൽ ഒരു വർഷത്തേക്ക് |
| 6 | ശ്രീമതി. റോഷ്ന വാക്കിയത്ത് | 09.09.2015 | 08/7 K, L (രണ്ട് മുറികൾ) | 1500 | 01.09.2015 മുതൽ ഒരു വർഷത്തേക്ക് |

വാടക കരാറിലെ പ്രധാന നിബന്ധനകൾ ചുവടെ ചേർക്കുന്നു:

വാടകയുടെ 10% വർദ്ധിപ്പിച്ച നിരക്കിൽ ഓരോ വർഷവും ആവശ്യാനുസരണം കരാർ പുതുക്കി നൽകുന്നതാണ്, വാടക ഓരോ മാസവും അഞ്ചാം തിയ്യതിക്കകമോ അതിനു മുൻപോ അടവാക്കേണ്ടതാണ്, വാടക കൊടുക്കാറായതിനു ശേഷം 14 ദിവസത്തേക്ക് കൊടുത്തിട്ടില്ലെങ്കിലോ ഉടമ്പടി ലംഘനമോ ഉണ്ടായാൽ വാടക ചാർത്ത് അവസാനിക്കുന്നതാണ്, വാടക ചാർത്ത് അവസാനിപ്പാനാഗ്രഹിക്കുന്ന പക്ഷം അക്കാര്യം മൂന്ന് കലണ്ടർ മാസങ്ങൾക്ക് മുൻപേ പഞ്ചായത്തിന് അറിയിക്കേണ്ടതാണ്.

അപാകതകൾ ചുവടെ ചേർക്കുന്നു:

1. മീറ്റർ മുറി ഒഴികെ 11 മുറികളുണ്ടെങ്കിലും 2018-19ൽ F, G, H, I, K, L എന്നീ ആറ് മുറികളുടെ 2018-19ലെ വാടക മാത്രമാണ് ലഭ്യമായിട്ടുള്ളത്, ഇവ മിക്കതും അടവാക്കിയത് 2019-20ലെ അവസാന മാസങ്ങളിലാണ്. ആയതിൽ തന്നെ 2018-19ലെ

എല്ലാ മാസങ്ങളിലെയും വാടക അടവാക്കാത്തവരും ഉണ്ട്. (2019-20ലെ വാടകയും സാമ്പത്തിക വർഷം അവസാനിച്ചിട്ടും നാളിതുവരെ ഈടാക്കിയിട്ടില്ല, പൂർണ്ണമായും കുടിശ്ശികയായിരിക്കുകയാണ്.)

2. മുകളിലെ പട്ടികയിൽ ക്രമ നം4 പ്രകാരമുള്ള മുറി (A) ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്തിന് വി.ഇ.ഒ ഓഫീസ് ആക്കുന്നതിന് 2017 മെയ് 31 ന് നൽകിയിട്ടുണ്ട്.

വാടക ലഭ്യമാകാത്ത B, C എന്നീ മുറികൾ സംബന്ധിച്ച് കരാർ ചമച്ചതായി കാണുന്നില്ല, ഒഴിഞ്ഞ് കിടക്കുന്ന മുറികളാണെങ്കിൽ ആയത് സംബന്ധിച്ച രേഖപ്പെടുത്തലുകളൊന്നും രജിസ്റ്ററിൽ കാണുന്നില്ല. D, E എന്നീ കടമുറികളിൽ നിന്നും വാടകക്കാരെ കരാർ നിബന്ധനകൾ പാലിച്ച് ഒഴിവാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച രേഖപ്പെടുത്തലുകളൊന്നും രജിസ്റ്ററിലോ ഫയലിലോ ഇല്ല. മേൽ മുറികളിൽ നിലവിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നത് വ്യക്തമാക്കേണ്ടതാണ്.

3. ഒരു വർഷത്തേക്കുള്ള കാരാർ കാലാവധി കഴിഞ്ഞിട്ടും കരാർ പുതുക്കുകയോ വാടകയിൽ വാർഷിക വർദ്ധനവ് വരുത്തുകയോ കരാർ ലംഘനം ഉണ്ടായതിൽ മുറി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിരുന്നില്ല.

4. 17.07.18ലെ ഭരണസമിതി മീറ്റിംഗിൽ അജണ്ട-4, തീരുമാനം -1 ആയി ടി കെട്ടിടത്തിലെ മുറികളുടെ വാടക മാനദണ്ഡങ്ങൾക്കനുസരിച്ച് വർദ്ധിപ്പിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്, എന്നാൽ തീരുമാന ശേഷം ഈടാക്കിയ, ചുവടെ കുറിപ്പ്-1 പ്രകാരമുള്ള രണ്ട് മുറികളുടെ വാടക മാത്രമാണ് വർദ്ധിപ്പിച്ചത്.

5. 2018-19ലെ വാടക പൂർണ്ണമായും കുടിശ്ശിക വരുത്തുകയും അവയിൽ ചില മാസങ്ങളിലെ വാടക 2019-20ൽ അടവാക്കുകയുമാണ് മിക്ക വാടകക്കാരും ചെയ്തത്. ഇപ്രകാരം കുടിശ്ശിക വരുത്തിയവരുടെയും ഇനിയും അടവാക്കാനവശേഷിക്കുന്നവരുടെയും വിവരങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

ഭരണസമിതിയുടെ 10.03.2020ലെ മീറ്റിംഗിലെ 5(2)നമ്പർ തീരുമാന പ്രകാരം വാടകക്കാരുടെ അപേക്ഷ പരിഗണിച്ച് 2018 ഓഗസ്റ്റ് മാസം പ്രാബല്യത്തിൽ വാടക തുക കുറവ് വരുത്തി പുതുക്കി നിശ്ചയിച്ച് നൽകുകയും 18% GST ഈടാക്കാനും 2020 ഏപ്രിൽ മാസം മുതൽ 5% വാർഷിക വർദ്ധനവും 2019 ജനവരി മുതലുള്ള പിഴയും ഈടാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

| ക്ര.ന. | കക്ഷിയുടെ പേര് | മുറികൾ/ റൂം നമ്പർ | മാസ വാടക 2018 സെപ്റ്റംബർ വരെ | മാസ വാടക 2018 ഓഗസ്റ്റ് മുതൽ | 2018-19വാടക 2019-20ൽ അടവാക്കിയ തുക/തിയതി | 18-19ലെ വാടക ഇനിയും അടവാക്കാന വശേഷിക്കുന്ന മാസങ്ങൾ |
|---|---|---|---|---|---|---|
| 1 | ശ്രീമതി. സക്കീന പി.കെ | 08/7 G, H, I (മൂന്ന് മുറികൾ) | 5500/- (2000+2000+ 1500) | 4000/- (1500+1500+1000) | 9x5500= 49500/-, 119080100021/ 15.02.2020 | ജനവരി, ഫെബ്രുവരി, മാർച്ച് 2019 |
| 2 | ശ്രീമതി. അസ്മാബി കടമ്പോട്ട് | 08/7 F | 2000 | 1500 | 7x2000= 14000/-, 119080100022/ 17.02.2020 | ജനവരി, ഫെബ്രുവരി, മാർച്ച് 2019 |
| 3 | ശ്രീമതി. സുബൈദ ടി.ടി | 08/7 E | 1500 | 1300 | അടവാക്കി യിട്ടില്ല | ഏപ്രിൽ 2018 മുതൽ മാർച്ച് 2019 വരെ |
| 4* | ശ്രീമതി.റോഷ്ന വാക്കിയത്ത് | 08/7 K, L (രണ്ട് മുറികൾ) | 3000/- (1500+1500) | 2600/- (1300+1300) | 2(6x1300)= 15600** 30.03.20 | -- |

*<u>കുറിപ്പ്-1:</u> ശ്രീമതി. റോഷ്ന വാക്കിയത്ത് എന്നവർ വാടകക്കെടുത്ത റൂമുകളുടെ മാസവാടക ഒരു മുറിക്ക് 1500/- രൂപയാണ്. ഈ നിരക്കിലാണ് 2018 ഏപ്രിൽ മെയ്, ജൂൺ മാസങ്ങളിലെ വാടക ഈടാക്കിയത്. എന്നാൽ ജൂലൈ,

ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ 10% അധിക നിരക്കും 18% GSTയും ചേർത്ത് ആകെ 11682/- രൂപ(2x((1500+10%)+18%)x3=11682) 15.10.18ന് ഈടാക്കിയിട്ടുണ്ട്.

**<u>കുറിപ്പ്-2</u>: ഒക്ടോബർ 2018 മുതൽ മാർച്ച് 2019 വരെയുള്ള വാടക ഒരു മുറിക്ക് 1300 രൂപ നിരക്കിൽ 18% GSTയും പിഴ 969 രൂപയും ചേർത്ത് ആകെ 19377രൂപ((2x1300x6)+18%+969)=19377) 119080100039/30.03.20 രസീത് പ്രകാരം ഈടാക്കിയിട്ടുണ്ട്.

5. വാടക തുകകൾക്ക് നികുതിയോ പിഴയോ ഈടാക്കുന്നില്ല(കുറിപ്പ്-1,2 എന്നിവ പ്രകാരമുള്ള GSTയും പിഴയും മാത്രമാണ് ഈടാക്കിയത്).

അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.01/08.07.20 ന് ലഭ്യമാക്കിയ മറുപടിയിൽ ചുവടെ ചേർത്ത പ്രകാരം അറിയിച്ചിട്ടുണ്ട്.
വാടക കുടിശ്ശിക വിവരങ്ങൾ തയ്യാറാക്കി പിഴ ഉൾപ്പടെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതായും ഒഴിഞ്ഞ് കിടക്കുന്ന റൂമുകൾ സംബന്ധിച്ച രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ ചേർത്ത് അവ വാടകക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായും കരാർ പുതുക്കുന്നതിൽ അശ്രദ്ധ സംഭവിച്ചിട്ടുള്ളതായും കരാർ പുതുക്കുന്നതിനും, നോട്ട് നിരോധനം, GST തുടങ്ങിയവ കാരണം കച്ചവടം കുറഞ്ഞ് പ്രതിസന്ധി നേരിട്ടത് കൊണ്ടാണ് വാടക കുടിശ്ശികയായത് എന്നും വാടകയിളവും പിഴ ഒഴിവാക്കിയും നൽകണമെന്ന വാടകക്കാരുടെ അപേക്ഷ പരിഗണിച്ച് ഭരണസമിതി തീരുമാന പ്രകാരം പുതുക്കിയ വാടകയും കുടിശ്ശികയും ഈടാക്കുന്നതിനും നടപടി സ്വീകരിച്ചതായും അറിയിച്ചിട്ടുണ്ട്.
നടപടി വിവരങ്ങളും വാടകയും കുടിശ്ശികയും നികുതിയും പിഴയും ഉൾപ്പടെ ഈടാക്കി വിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-13 ഭവന നിർമ്മാണ പദ്ധതികൾ- തുക വിനിയോഗ വിവരം ലഭ്യമായില്ല.

2018-19ൽ വിവിധ ഭവന നിർമ്മാണ പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് തുക അനുവദിച്ചതിൽ ചില ഗ്രാമപഞ്ചായത്തുകൾ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കാത്തതായിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>1.ലൈഫ് ഭവന നിർമ്മാണം(ജനറൽ), പ്രൊ. നം.05/18-19</u>

ചെലവ്: 7900000/- ബിൽ നം. 02/17.07.18, 10/29.09.18
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി.

ടി പദ്ധതിക്കായി ഗ്രാമപഞ്ചായത്തുകൾക്ക് രണ്ട് ഘട്ടങ്ങളിലായി തുക അനുവദിച്ചതിൽ, ഇനിയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനവശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളുടെ വിവരം വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗ്രാമപഞ്ചായത്തിന്റെ പേര് | ഒന്നാം ഗഡു നൽകിയത് | രണ്ടാം ഗഡു നൽകിയത് | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായത് | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനവശേഷിക്കുന്നത് |
|---|---|---|---|---|---|
| 1 | ഒതുക്കുങ്ങൽ | 828000 | 446000 | 828000 | 446000 |
| 2 | പൊന്മള | 598000 | 64480 | 640000 | 22480 |
| 3 | പൂക്കോട്ടൂർ | 828000 | 243360 | 828000 | 243360 |
| ആകെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാനുള്ളത് | | | | | 711840 |

<u>2.ലൈഫ് ഭവന നിർമ്മാണം(എസ്.സി), പ്രൊ. നം.07/18-19</u>

ചെലവ്: 600000/- ബിൽ നം. 03/17.07.18
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി.

ടി പദ്ധതിക്കായി ഗ്രാമപഞ്ചായത്തുകൾക്ക്, കോഡൂർ(100000 രൂപ), മൊറയൂർ(400000 രൂപ), ആനക്കയം(100000 രൂപ) എന്നിങ്ങനെ തുക അനുവദിച്ചതിൽ കോഡൂർ, മൊറയൂർ എന്നീ പഞ്ചായത്തുകൾ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിട്ടുണ്ട്. എന്നാൽ ആനക്കയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.07.2020 ലെ എ1/243/2020 നമ്പർ കത്ത് പ്രകാരം ടി ഗ്രാമപഞ്ചായത്തിൽ ഗുണഭോക്താക്കൾ കുറവായതിനാൽ തുക വിനിയോഗിക്കാൻ സാധിച്ചിട്ടില്ല എന്നും ടി ഫണ്ട് ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തിരിച്ചടക്കുന്നതാണ് എന്നുമാണ് അറിയിച്ചിട്ടുള്ളത്. മേൽ

100000 രൂപ തിരികെ ലഭ്യമായതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 02/08.07.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നം. 1, 2 എന്നിവ പ്രകാരമുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുക 811840/-(711840+100000) തടസ്സം ചെയ്യുന്നു.

## 1-14 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക അനുവദിച്ചത് - പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി.

വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ആയവയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റിന്റെ പേര്,പ്രോജക്റ്റ് നം | ബില്ല്/ചെക്ക് നം. തി | നൽകിയ തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | കാരാട്ടുകുന്നുമ്മൽ കുടിവെള്ള പദ്ധതി-കുഴൽ കിണർ നിർമ്മാണം, 50/18-19 | 2352307/16.11.18 | 42310/- | GWD |
| 2 | പുളിയാട്ടുകുളം ഹെൽത്ത് സെന്റർ കുടിവെള്ള പദ്ധതി, 78/18-19 | 2352338/07.02.19 | 99765/- (Restoration charge) | PWD |
| ആകെ | | | 142075 | |

മേൽ പ്രവർത്തികളുടെ പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 03/08.07.20ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ചെലവ് തുക 142075/- രൂപ തടസ്സം ചെയ്യുന്നു.

## 1-15 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് മുച്ചക്രവാഹനം പദ്ധതി - അപാകതകൾ

പദ്ധതി നം. : 20/18-19

നിർവ്വഹണം : സി. ഡി. പി. ഒ (മലപ്പുറം അഡീഷണൽ)

ബിൽ നം. : 02/18-19, തീയ്യതി 30.11.18

തുക : 2550000

മേൽപറഞ്ഞ പദ്ധതിക്ക് കീഴിൽ 2018-19 വർഷത്തിൽ 34 പേർക്ക് മുച്ചക്രവാഹനങ്ങൾ (34 X 75,000 = 25,50,000/- രൂപ) വിതരണം ചെയ്തിരുന്നു. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ താഴെ പറയും പ്രകാരമാണ്.

1. പദ്ധതി മാർഗരേഖ പ്രകാരം, ഗുണഭോക്താക്കൾ മുച്ചക്ര വാഹനം ഓടിക്കാനുള്ള ലേണേഴ്സ് ലൈസൻസ് (INV CRG - M/C) നേടിയിരിക്കേണ്ടതാണ്. ഇതിനു ശേഷം മാത്രമേ വാഹനം വിതരണം ചെയ്യേണ്ടതുള്ളൂ. എന്നാൽ ശ്രീ. ഡാനിഷ്. പി (ആനക്കയം ഗ്രാമപഞ്ചായത്ത്), ശ്രീ റഹൂഫ് അലി (കോഡൂർ ഗ്രാമപഞ്ചായത്ത്) എന്നിവരുടെ ലേണേഴ്സ് ലൈസൻസുകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ലേണേഴ്സ് ലൈസൻസ് നേടിയാൽ വാഹനം നൽകാമെങ്കിലും, ഗുണഭോക്താക്കൾ 6 മാസത്തിനുള്ളിൽ ഈ തരത്തിലുള്ള വാഹനം ഓടിക്കുന്നതിനുള്ള യഥാർത്ഥ ലൈസൻസ് നേടേണ്ടതുണ്ട്. മേൽ പദ്ധതിയിൽ 23 പേർ ലേണേഴ്സ് ലൈസൻസ് നേടിയിട്ടുണ്ട് (ക്രമ നം. 1-ൽ പറയുന്നവരൊഴികെ ബാക്കിയുള്ള 9 പേർക്ക് നേരത്തെ ലൈസൻസ് ഉള്ളതാണ്). എന്നാൽ ലേണേഴ്സ് ലൈസൻസ് നേടി വാഹനം സ്വീകരിച്ചവർ പിന്നീട് ലൈസൻസ് നേടുന്നുണ്ടോ എന്ന് പരിശോധിക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ ഫയലിൽ ലഭ്യമല്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 06/10.07.2020 – ന് മറുപടി ലഭിച്ചിട്ടില്ല. മേൽപറഞ്ഞ രേഖകൾ ലഭ്യമാക്കുന്നതു വരെ ക്രമ നമ്പറുകൾ 1, 2 എന്നിവയിൽ പരാമർശിച്ച 25 ഗുണഭോകതാക്കൾക്ക് നൽകിയ ആകെ തുകയായ 18,75,000/- രൂപ (25 X 75000) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-16 വയോജനങ്ങൾക്ക് ശ്രവണസഹായി നൽകിയത് അപാകതകൾ

പദ്ധതി നം. : 38/18-19 (വയോജനങ്ങൾക്ക് കണ്ണട - ശ്രവണസഹായി നൽകൽ)

നിർവ്വഹണം : സി. ഡി. പി. ഒ (മലപ്പുറം റൂറൽ)
ബിൽ നം. : 07/18-19, തീയ്യതി 14.03.19
തുക : 380800

പദ്ധതി നം. : 40/18-19 (എസ്. സി. വയോജനങ്ങൾക്ക് കണ്ണട - ശ്രവണസഹായി നൽകൽ)
നിർവ്വഹണം : സി. ഡി. പി. ഒ (മലപ്പുറം റൂറൽ)
ബിൽ നം. : 06/18-19, തീയ്യതി 15.02.19
തുക : 71400

മേൽപറഞ്ഞ പദ്ധതികൾക്ക് കീഴിൽ 2018-19 വർഷത്തിൽ 38 പേർക്ക് (32 + 6) ശ്രവണസഹായികൾ വിതരണം ചെയ്തിരുന്നു. 2018-19-ലെ പദ്ധതി മാർഗരേഖ പ്രകാരം (നം. 11/2018 ത.സ്വ.ഭ.വ, തീയ്യതി 29.01.18, ഖണ്ഡിക നം. 6.5(9)) ശാരീരിക പ്രയാസങ്ങൾ നേരിടുന്ന വയോജനങ്ങൾക്ക് അനുയോജ്യമായ ഉപകരണങ്ങൾ നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് പ്രൊജക്റ്റ് ഏറ്റെടുക്കാവുന്നതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

1. ഇത്തരം പ്രൊജക്റ്റുകൾ ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമേ ഏറ്റെടുക്കാൻ പാടുള്ളൂ എന്ന് വ്യക്തമായി പറയുന്ന സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ഇത്തരം പദ്ധതി നടപ്പിലാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

2. സബ്സിഡി മാർഗരേഖ പ്രകാരം (നം. 22/18 ത.സ്വ.ഭ.വ, തീയ്യതി 14.02.18) ശ്രവണസഹായി പോലുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് മുൻപ് താലൂക്ക്/ജില്ലാ ആശുപത്രികളിൽ നിന്നും ഓഡിയോളജിസ്റ്റ് അടങ്ങിയ വിദഗ്ധ-സംഘം പരിശോധന നടത്തേണ്ടതാണ്. എന്നാണ് ബന്ധപ്പെട്ട ഫയലിൽ ഉൾപ്പെടുത്തിയ ലിസ്റ്റിൽ ഓഡിയോളജിസ്റ്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. വ്യക്തിഗത അപേക്ഷകളിലും ശ്രവണശേഷിയുമായി ബന്ധപ്പെട്ട ടെസ്റ്റ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 07/10.07.2020 – ന് മറുപടി ലഭിച്ചിട്ടില്ല. അപാകതകളിൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കുന്നതുവരെ ശ്രവണസഹായികൾ വാങ്ങാൻ ആകെ ചെലവായ 4,52,200/- രൂപ (38 X 11900) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-17 പെൺകുട്ടികൾക്കുള്ള ആഭരണ നിർമ്മാണ പരിശീലനം - അപാകത

പദ്ധതി നം. : 41/18-19 (സബല നോൺ-ന്യൂട്രീഷ്യൻ പദ്ധതി)
നിർവ്വഹണം : സി. ഡി. പി. ഒ (മലപ്പുറം റൂറൽ)
ബിൽ നം. : 05/18-19, തീയ്യതി 07.01.19
തുക : 101420/- രൂപ

മേൽപറഞ്ഞ പദ്ധതിക്ക് കീഴിൽ 2018-19 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള കൗമാരക്കാരായ പെൺകുട്ടികൾക്ക് 22.12.2018 മുതൽ 26.12.2018 വരെയുള്ള തീയ്യതികളിൽ ആഭരണപരിശീലനം നൽകിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് ജ്വൽ ടെക്, മലപ്പുറം എന്ന സ്ഥാപനത്തിന് 98,250/- രൂപ കൈമാറിയിരുന്നു. സ്ഥാപനം നൽകിയ ബിൽ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ബിൽ വിവരങ്ങൾ | തുക |
|---|---|---|
| 1 | നം. 02, തീയ്യതി 26.12.18 | 29500 |
| 2 | നം. 03, തീയ്യതി 02.01.19 | 32500 |
| 3 | നം. 04, തീയ്യതി 02.01.19 | 36250 |
| | ആകെ | 98,250/- |

എന്നാൽ ഈ സ്ഥാപനത്തിന് പ്രവൃത്തി ഏൽപ്പിക്കുന്നതിന് മുന്നോടിയായിട്ടുള്ള ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. മാത്രമല്ല ഈ പ്രവർത്തനവുമായി ബന്ധപ്പെട്ട ഒരു തീരുമാനവും ഭരണസമിതിയുടെയോ, സ്റ്റാന്റിംഗ് കമ്മിറ്റികളുടെയോ മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. തുക കൈപ്പറ്റിയതിനുള്ള സ്ഥാപനത്തിന്റെ കൈപ്പറ്റ് രശീതിയും ഫയലിൽ ലഭ്യമല്ല.

നടപടിക്രമങ്ങൾ പാലിക്കാതെ മേൽ പ്രവൃത്തി നടപ്പിലാക്കിയതിന് വിശീകരണം നൽകേണ്ടതാണ്. മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതു വരെ മേൽപറഞ്ഞ പരിശീലന പരിപാടിക്ക് ആകെ ചെലവായ 98,250/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 08/10.07.2020-ന് മറുപടി ലഭിച്ചിട്ടില്ല.

## 1-18 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി - വാല്വേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല

പദ്ധതി നം. : 114/18-19 (എസ്. സി വിദ്യാർത്ഥികൾക്ക് പഠനമുറി)
നിർവ്വഹണം : പട്ടികജാതി വികസന ഓഫീസർ
ബിൽ നം. : 15/18-19, തീയ്യതി 12.03.19
തുക : 100000/-

മേൽപറഞ്ഞ പദ്ധതിക്ക് കീഴിൽ 2018-19 വർഷത്തിൽ ശ്രീ. അക്ഷയ്. ടി (S/o ശശിധരൻ. ടി) എന്ന വിദ്യാർത്ഥിക്ക് പഠനമുറി നിർമ്മാണത്തിനായി 50,000/- രൂപ കൈമാറിയിരുന്നു. നിലവിൽ നിർമ്മാണം പൂർത്തീകരിക്കുകയും, ബാക്കി തുകയായ 1,50,000/- രൂപ 2019-20 വർഷത്തിൽ ഗുണഭോക്താവിന് കൈമാറുകയും ചെയ്തിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച്, ഗ്രാമപഞ്ചായത്തിലെ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ വാല്വേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് മുഴുവൻ തുകയും കൈമാറുന്നത്. എന്നാൽ ഈ രേഖ ഫയലിൽ ലഭ്യമല്ല. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണം നം. 09/10.07.20-ന് മറുപടി ലഭിച്ചിട്ടില്ല.
വാല്വേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത് വരെ 2018-19 വർഷത്തിൽ ടി ഗുണഭോക്താവിന് നൽകിയ തുകയായ 50,000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-19 മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ പ്രവർത്തനക്ഷമമാക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ശേഖരിച്ച് തരംതിരിക്കപ്പെട്ട അജൈവമാലിന്യം പുന:ചംക്രമണം ചെയ്യുന്നതിനുള്ള സൗകര്യമൊരുക്കുന്ന മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശമുള്ളതാണ്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 6 ഗ്രാമ പഞ്ചായത്തുകളിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവമാലിന്യം ശേഖരിക്കുന്നതിനും അവ തരം തിരിക്കുന്നതിനുമുള്ള കളക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമല്ല. 2017-18 വാർഷിക പദ്ധതിയിൽ തരം തിരിക്കപ്പെട്ട അജൈവമാലിന്യം പുന:ചംക്രമണം ചെയ്യുന്നനായി ബെയ്ലിംഗ് മെഷീൻ വാങ്ങുന്നതിന് ക്ലീൻ കേരള മിഷനിൽ 9 ലക്ഷം രൂപ നിക്ഷേപിച്ചതാണെങ്കിലും നാളിതുവരെ ആയത് സ്ഥാപിക്കാനായിട്ടില്ല.

ബെയ്ലിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള കെട്ടിട സൗകര്യമൊരുക്കാതെയാണ് ക്ലീൻ കേരള മിഷനിൽ തുക നിക്ഷേപിച്ചതെന്ന് കാണുന്നു. എന്നാൽ 2018-19 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ കെട്ടിടം നിർമ്മിക്കുന്നതിന് 14 ലക്ഷം രൂപ അടങ്കലിൽ പ്രോജക്ട് ഉൾപ്പെടുത്തി 11.43 ലക്ഷം രൂപ ചെലവിൽ 2019-20ൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. വയറിംഗ്,പ്ലംബിംഗ് ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യമൊരുക്കാനുള്ള പ്രോജക്ടും നിർവ്വഹണ ഘട്ടത്തിലാണ്.

മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ പ്രാവർത്തികമാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ മുഴുവൻ പഞ്ചായത്തുകളിലും കളക്ഷൻ സെന്ററുകളുടെ പ്രവർത്തനം സംബന്ധിച്ച് കൃത്യമായ വിവരം ശേഖരിക്കേണ്ടതാണ്. അതോടൊപ്പം കെട്ടിടത്തിൽ അനുബന്ധ സൗകര്യമൊരുക്കാനുള്ള പ്രവർത്തനം ഊർജ്ജിതപ്പെടുത്തി മെഷിനറി സ്ഥാപിക്കാൻ ഭരണ സമിതി തലത്തിൽ തുടർച്ചയായ മേൽനോട്ടം ഉറപ്പ് വരുത്തേണ്ടതാണ്.

## 1-20 പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- തനത് വരുമാനം ശേഖരിക്കുന്നതിലെ അപാകത

ഇ- ടെൻഡർ ഫോറം വില ലഭിക്കാൻ നടപടി സ്വീകരിച്ചില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ ഇ-ടെൻഡർ സമർപ്പിക്കുമ്പോൾ കരാറുകാരിൽ നിന്നും ഓൺലൈനായി നിരതദ്രവ്യവും ടെൻഡർ ഷെഡ്യൂൾ ഫീയും സ്വീകരിക്കുന്നതിനായി ജില്ലാ പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷനുകളിലെ എഞ്ചിനീയറിംഗ് തലവൻമാർക്ക് ബാങ്കിൽ സീറോ ബാലൻസ് എകൗണ്ട് തുടങ്ങാൻ 28.09.2013 ലെ ജി.ഒ.(എം എസ്) 318/2013/LSGD പ്രകാരം അനുമതി നൽകിയതാണ്. ചീഫ് എഞ്ചിനീയറുടെ 10.10.2013 ലെ DB1-7942/2013/CE/LSGD നമ്പർ സർക്കുലറിൽ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളുടെ ബാങ്ക് എക്കൗണ്ടുകളുമായി ബന്ധിപ്പിക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തുടങ്ങിയ ബാങ്ക് എക്കൗണ്ടിന്റെ വിശദാംശം ഇ-ടെൻഡർ നടപടികളുടെ നോഡൽ ഏജൻസിയായി അംഗീകരിച്ച കേരള സംസ്ഥാന ഐ.ടി മിഷന് കൈമാറാനും നിർദ്ദേശമുള്ളതാണ്.

2016-17മുതൽ ഇ-ടെൻഡർ ചെയ്ത പൊതുമരാമത്ത് പ്രവൃത്തികളുടെ ടെൻഡർ ഷെഡ്യൂൾ വിലയായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് എക്കൗണ്ടിലേക്ക് വന്ന തുക ബ്ലോക്ക്പഞ്ചായത്തിന് ലഭ്യമായിട്ടില്ലായെന്ന് കാണുന്നു. 2018 -19 വർഷത്തിൽ ബ്ലോക്ക്പഞ്ചായത്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥരായി ഇ-ടെൻഡർ ചെയ്ത പ്രവൃത്തികളുടെ വിശദാംശം താഴെ ചേർക്കുന്നു..

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | കരാറുകാരുടെ എണ്ണം |
|---|---|---|---|
| 1 | മോങ്ങം ചാടിക്കല്ല് റോഡ് കോൺക്രീറ്റിംഗ്, മൊറയൂർ ഗ്രാ.പ | 5 ലക്ഷം രൂപ | 5 |
| 2 | പേങ്ങാട്ടീരി കുമ്പള പറമ്പ് റോഡ് പുരോഗമന പ്രവൃത്തി | 5 ലക്ഷം രൂപ | 3 |
| 3 | വട്ടപ്പറമ്പ് അൽഹുദാ അറക്കൽപ്പടി റോഡ് കോൺക്രീറ്റിംഗ് | 5 ലക്ഷം രൂപ | 6 |
| 4 | പൂവ്വത്തിപ്പാറ ആയിരംകുന്ന റോഡ് ടാറിംഗ് | 5 ലക്ഷം രൂപ | 4 |
| 5 | ഉതളകുണ്ട് നെച്ചേങ്ങര റോഡ് ടാറിംഗ് ആനക്കയം ഗ്രാ.പ | 5 ലക്ഷം രൂപ | 4 |
| 6 | ബ്ലോക്ക്പഞ്ചായത്ത് കോമ്പൗണ്ട് റോഡ് നിർമ്മാണം | 10ലക്ഷം രൂപ | 6 |
| 7 | ബ്ലോക്ക്പഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ | 11.5ലക്ഷം രൂപ | 4 |
| 8 | പനക്കൽ എസ് സി കോളനി സമഗ്ര വികസനം പൂക്കോട്ടൂർ ഗ്രാ.പ | 14ലക്ഷം രൂപ | 2 |
| 9 | കോഡൂർ മങ്ങാട്ടുപുലം റോഡ് പുരോഗമന പ്രവൃത്തി കോഡൂർ ഗ്രാ. പ | 5 ലക്ഷം രൂപ | 4 |
| 10 | കുണ്ടുക്കര എസ് സി കോളനി കുടിവെള്ള പദ്ധതി | 5 ലക്ഷം രൂപ | 2 |
| 11 | മുനമ്പത്ത് മറ്റത്തരങ്ങാടി റോഡ് പുനരുദ്ധാരണം | 7ലക്ഷം രൂപ | 2 |
| 12 | പുത്തൂർ പള്ളിപ്പുറം റോഡ് പുനരുദ്ധാരണം | 7ലക്ഷം രൂപ | 3 |
| 13 | പുളിയാട്ടുകുളം ഹെൽത്ത് സെന്റർ കുടിവെള്ള പദ്ധതി | 10ലക്ഷം രൂപ | 2 |
| 14 | മോങ്ങം അരിമ്പ്ര റോഡ് പുനരുദ്ധാരണം | 5 ലക്ഷം രൂപ | 2 |

| | | | |
|---|---|---|---|
| 15 | മുണ്ടിതൊടിക മേലങ്ങാടി മേലേമുക്ക് റോഡ് പുനരുദ്ധാരണം | 5 ലക്ഷം രൂപ | 3 |
| 16 | വിവിധ സ്കൂളുകളുകൾക്ക് ഷീ ടോയ്ലറ്റ്, ഷീ സെന്റർ നിർമ്മാണം | 44ലക്ഷം രൂപ | 4 |
| 17 | പൂക്കോട്ടൂർ സി എച്ച് സി നവീകരണം | 10.2ലക്ഷം രൂപ | 5 |
| 18 | പൂക്കോട്ടൂർ സി എച്ച് സി വൈദ്യുതീകരണം | 13.8ലക്ഷം രൂപ | 2 |
| 19 | ഈസ്റ്റ് കോഡൂർ യത്തീംഖാനപ്പടി തടയണ നിർമ്മാണം | 10ലക്ഷം രൂപ | 2 |
| 20 | കാരാട്ടു കുന്നമ്മൽ കുടിവെള്ള പദ്ധതി | 6 ലക്ഷം രൂപ | 2 |

ടെൻഡർ ഫീയിനത്തിൽ (എസ്റ്റിമേറ്റ് തുകയുടെ 0.2%നിരക്കിൽ ) ബ്ലോക്ക്പഞ്ചായത്ത് തനത് ഫണ്ടിലേക്കുള്ള വരുമാനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

വെൽഫയർ ഫണ്ട് കളക്ഷൻ ചാർജ് ഈടാക്കുന്നില്ല

ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴസ് വെൽഫയർ സെസ് ആക്ട് 1996 സെക്ഷൻ 3(3) പൊതുമരാമത്ത് പ്രവ്യത്തികളിൽ നിന്നും ഈടാക്കുന്ന വെൽഫയർ ഫണ്ട് വിഹിതത്തിന്റെ 1 ശതമാനത്തിൽ കുറയാത്ത തുക തദ്ദേശഭരണ സ്ഥാപനത്തിന് കളക്ഷൻ ചാർജായി ശേഖരിക്കാൻ നിർദ്ദേശമുള്ളതാണ്. ബ്ലോക്ക്പഞ്ചായത്തിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളിലൊന്നും 2018-19 വർഷത്തിൽ വെൽഫയർ ഫണ്ട് കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല. വെൽഫയർ ഫണ്ടിൽ നിന്നും നിയമപരമായി ശേഖരിക്കാവുന്ന കളക്ഷൻ ചാർജ് ഈടാക്കേണ്ടതാണ്.

## 1-21 വാർഷിക പദ്ധതി രൂപീകരണത്തിൽ നടപടിക്രമങ്ങൾ പാലിക്കുന്നതിലെ പോരായ്മകൾ

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായി പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ തെരഞ്ഞെടുക്കപ്പെട്ട സമിതികളുടേയും സ്റ്റാറ്റ്യൂട്ടറി കമ്മറ്റികളുടേയും പ്രവർത്തനത്തിലെ പോരായ്മകൾ താഴെ ചേർക്കുന്നു.

<u>സ്റ്റാൻഡിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം</u>

വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ചു കിട്ടുന്നതുവരെയുള്ള ആസൂത്രണ നടപടികൾ ഓരോന്നും ഫലപ്രദമായി നടത്തുന്നതിനുവേണ്ട യോഗങ്ങൾ യഥാസമയം വിളിച്ച് ചേർക്കൽ, മറ്റ് സ്റ്റാൻഡിംഗ് കമ്മറ്റികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകൽ, പദ്ധതി യഥാസമയം പരിശോധനക്കായി സമർപ്പിക്കൽ തുടങ്ങി എല്ലാവിധ മുന്നൊരുക്കങ്ങളും ഇടപെടലുകളും നടത്താനുള്ള ചുമതല വികസന സ്റ്റാൻഡിംഗ് കമ്മറ്റിക്കാണ്. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ കീഴിലുള്ള മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ പ്രോജക്ട് അടിസ്ഥാന വിവരങ്ങൾക്ക് അനുസൃതമാണോയെന്ന് പരിശോധിക്കാനും ഗ്രൂപ്പുകൾ യഥാസമയം യോഗം ചേർന്ന് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോയെന്നും ഉറപ്പ് വരുത്താനുമാവണം. ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ യോഗ മിനുട്സ് പരിശോധിച്ചാലും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ പ്രോജക്ട് നിർദ്ദേശങ്ങൾ അടിസ്ഥാന ഡാറ്റയുടെ അടിസ്ഥാനത്തിൽ പൂർണ്ണവും കുറ്റമറ്റതുമാണെന്ന് ഉറപ്പ് വരുത്താൻ പരിശോധന നടത്തിയതിന്റെ വിവരം ലഭ്യമല്ല.

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനത്തിൽ കൃത്യമായ മേൽനോട്ടമുണ്ടാവണം</u>

വർക്കിംഗ് ഗ്രൂപ്പുകൾക്ക് ബന്ധപ്പെട്ട വിഷയ മേഖലയിലെ സ്ഥിതിവിവര കണക്കുകൾ ശേഖരിച്ച് തയ്യാറാക്കിയ അവസ്ഥാ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണ് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നത്. വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിച്ച ശേഷം സ്ഥാപനത്തിൽ നിലവിലുള്ള പതിമൂന്നാം പദ്ധതിയുടെ ആദ്യവർഷത്തിൽ തയ്യാറാക്കിയ അവസ്ഥാരേഖ പരിഷ്കരിക്കാൻ നിർദ്ദേശമുള്ളതാണ്. പുതുക്കിയ അവസ്ഥാരേഖയുടെ അടിസ്ഥാനത്തിൽ മേഖലയുമായി ബന്ധപ്പെട്ട പ്രോജക്ട് നിർദ്ദേശങ്ങൾ നിർദ്ദിഷ്ട പ്രഫോർമയിൽ തയ്യാറാക്കുന്നതിലും ഗ്രാമസഭാ യോഗത്തിലെ

പരിശോധനയുടെയും ഭരണസമിതി തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ വികസനസെമിനാറിൽ അവതരിപ്പിക്കാൻ കരട് പദ്ധതിരേഖ തയ്യാറാക്കുന്ന പ്രവർത്തനത്തിലും സ്റ്റാൻഡിംഗ് കമ്മറ്റികളുടെ കൃത്യമായ മേൽനോട്ടമുണ്ടാവണം. പദ്ധതി നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് കമ്മറ്റികളായി രൂപാന്തരപ്പെടുത്തി പ്രവർത്തിക്കാനുള്ള നിർദ്ദേശവും നടപ്പിലാക്കേണ്ടതാണ്

ഗ്രാമസഭാ യോഗത്തിലെ പങ്കാളിത്തം സംബന്ധിച്ച നിർദ്ദേശം പാലിച്ചില്ല

ബ്ലോക്ക് പഞ്ചായത്തിലെ എല്ലാ ജനപ്രതിനിധികളും വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാരും ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ജില്ലാ പഞ്ചായത്തിലേയും ഗ്രാമപഞ്ചായത്തിലേയും ജനപ്രതിനിധികളും ആസൂത്രണ സമിതി ഉപാദ്ധ്യക്ഷൻമാരും ഉൾപ്പെടുന്നതാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ഗ്രാമസഭാ യോഗം. 17.02.2018 ലെ ആകെ പങ്കാളിത്തമായ 84ൽ സാക്ഷരതാ പ്രേരക് ഉൾപ്പെടെ ഒട്ടേറെ നിർവ്വഹണഉദ്യോഗസ്ഥരും പങ്കെടുത്തിട്ടുണ്ട്. വിവിധ തലങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ പൂർണ്ണമായ പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതുണ്ട്. പ്രോജക്ട് നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ പരിശോധന നടത്തി തീരുമാനമെടുക്കേണ്ട സാഹര്യത്തിൽ ജനപ്രതിനിധികളുടെ പങ്കാളിത്തക്കുറവ് പദ്ധതി രൂപീകരണത്തെ ദോഷകരമായി ബാധിക്കും.

വികസന സെമിനാർ സംഘാടനം ഫലപ്രദമാവണം

വികസന സെമിനാറിൽ പങ്കെടുക്കാൻ നിർദ്ദേശിക്കപ്പെട്ട ബ്ലോക്കിലേയും ഗ്രാമപഞ്ചായത്തിലേയും മുഴുവൻ ജനപ്രതിനിധികൾ ,ആസൂത്രണ സമിതി അംഗങ്ങൾ ,ഉപാദ്ധ്യക്ഷൻമാർ ,നിർവ്വഹണ ഉദ്യോഗസ്ഥർ, പ്രഗത്ഭരായ വ്യക്തികൾ, സന്നദ്ധപ്രവർത്തകർ ഉൾപ്പെടെയുള്ള മുഴുവൻ വിഭാഗങ്ങളുടേയും പങ്കാളിത്തമുണ്ടാക്കാൻ ജാഗ്രത കാണിക്കേണ്ടതാണ്. കരട് പദ്ധതിയിലെ പ്രോജക്ട് നിർദ്ദേശങ്ങളെ സംബന്ധിച്ച് വികസന സെമിനാറിൽ ഉണ്ടായിട്ടുള്ള ശുപാർശകൾ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ മിനുട്സിൽ പൂർണ്ണമായും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

വിവിധ മേഖലയുമായി ബന്ധപ്പെട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകൾക്ക് മേഖലയിലെ പ്രശ്നങ്ങൾ കൃത്യമായി പരിശോധിക്കാനും പരിഹാരങ്ങൾ നിർദ്ദേശിക്കാനും സാധിക്കുന്ന രീതിയിൽ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ മേൽനോട്ടമുണ്ടാവണം. തദ്ദേശ സ്ഥാപനത്തിന്റെ ദീർഘകാല വികസനത്തിന് ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുന്നതിന് ചുമതലപ്പെട്ട ആസൂത്രണ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടിയുണ്ടാവണം. പരിഷ്കരിച്ച അവസ്ഥാ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി വാർഷിക പദ്ധതി തയ്യാറാക്കാനും നിർവ്വഹണ ഘട്ടത്തിൽ പ്രോജക്ടുകൾ മോണിറ്റർ ചെയ്യുന്നതിനായി വർക്കിംഗ് ഗ്രൂപ്പുകളെ ചുമതലപ്പെടുത്തുന്നതിലും മേൽനോട്ടമുണ്ടാവേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 16-08-19 മുതൽ 17-08-19 വരെ | കെ.എസ്.എ.എം.പി.എം4/1521/2019 തി. |

| | | |
|---|---|---|
| | | 24.08.2019 |

## 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2000000 (മുൻബാക്കി) | പ്രോ.നം-101<br>പുത്തൂർ തോടിന് കുറുകെ തടയണ നിർമ്മാണം | 2000000 | 0 |
| പൊന്മള ഗ്രാമപഞ്ചായത്ത് | 300000 | പ്രോ.നം-55<br>ചെനത്തടം അംഗനവാടി കെട്ടിട നിർമ്മാണം | 281256 | 18744 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തി | വൗച്ചർ,ബിൽ നമ്പർ | നൽകിയ തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|---|
| GWD | കാരാട്ടുകുന്നമ്മൽ കുടിവെള്ള പദ്ധതി-കുഴൽ കിണർ നിർമ്മാണം, 50/18-19 | 2352307/16.11.18 | 42310/- | യു.സി ലഭ്യമായിട്ടില്ല | 42310 |
| PWD | പുളിയാട്ടുകുളം ഹെൽത്ത് സെന്റർ കുടിവെള്ള പദ്ധതി, 78/18-19 | 2352338/07.02.19 | 99765/- | യു.സി ലഭ്യമായിട്ടില്ല | 99765 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 40 | 2001-02 | V.10.1(1) | വാട്ടർ ഫിൽട്ടർ സ്ഥാപിക്കൽ | നടപടികൾ തുടരുന്നു |
| 2013-14 | 3(1) | 2014-15 | 4-1-5 | നിഷ്ക്രിയ ആസ്തികളുടെ അവലോകനം | നടപടികൾ തുടരുന്നു |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക,രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | നമ്പർ, തിയ്യതി) | | | തുക | | |
| 1 | 2004-05 | 2-4, 2-5 | ശ്രീ. സി.പി സുകുമാരൻ, | LF19445/spl.cell/SC5/09/28-06-10 | 36547/- | -- | -- | -- | -- | -- | 36547/- |

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക,രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2000-01 | 2-13 | ശ്രീ. പി.കെ മോയിൻകുട്ടി, സെക്രട്ടറി, ഗ്രാമവികസന വകുപ്പ്. | LF17165/spl.cell/SC-5/08/21-06-10 | 20956/- | -- | -- | -- | -- | -- | 20956/- |
| 2 | 2000-01 | 2-22 | ശ്രീ. ജി ബാബുകുമാർ, സെക്രട്ടറി, ഗ്രാമവികസന വകുപ്പ്. | LF17165/spl.cell/SC-5/08/21-06-10 | 38218/- | -- | -- | -- | -- | -- | 38218/- |
| 3 | 1997-98 | 27,28,29,30,31 | ശ്രീ.ടി. സന്തോഷ് | LF/8597/ spl.cell/SC-3/01/3-3-2003 | 12633/- | -- | -- | -- | -- | -- | 12633/- |

തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 64964615 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 52931750 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3429365 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 711840 | നിർമ്മല.ടി, സെക്രട്ടറി |
| | 100000 | ശ്രീ. ഹൈദ്രോസ് പൊറ്റേങ്ങൽ, സെക്രട്ടറി |
| 1-14 | 142075 | നിർമ്മല.ടി, സെക്രട്ടറി |
| 1-15 | 1875000 | ശ്രീമതി. മേരി ജോൺ, സി.ഡി.പി.ഒ. മലപ്പുറം-അഡീഷണൽ |
| 1-16 | 452200 | ശ്രീമതി. അലീമ എസ്, സി.ഡി.പി.ഒ.മലപ്പുറം-റൂറൽ |
| 1-17 | 98250 | |
| 1-18 | 50000 | ശ്രീ.അനിൽകുമാർ.സി, എസ്.സി.ഡി.ഒ |

| | | |
|---|---|---|
| ആകെ | 3429365 | |

<u>സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

<u>ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്ര.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | 1999-2000 | എൽ.എഫ്.എം.4/3285/14 തി.31.12.2014 | 1 | |
| 2 | 2000-01 | എൽ.എഫ്.എം.4/1078/12 തി.15.06.2012 | 21 | |
| 3 | 2001-02 | എൽ.എഫ്.എം.4/3285/14(2) തി.31.12.2014 | 1 | |
| 4 | 2002-03 | കെ.എസ്.എ.എം.പി.എം.4/3287/2014 തി.26.04.2017 | 3 | |
| 5 | 2003-04 | എൽ.എഫ്.എം.4/3285/14(4) തി.31.12.2014 | 7 | |
| 6 | 2004-05 (ചെലവ്) | എൽ.എഫ്.എം.4/3285/14(5) തി.31.12.2014 | 3 | |
| 7 | 2005-06 (ചെലവ്) | എൽ.എഫ്.എം.4/3285/14(6) തി.31.12.2014 | 24 | |
| 8 | 2006-07 (ചെലവ്) | എൽ.എഫ്.എം.4/3285/14(7) തി.31.12.2014 | 17 | |
| 9 | 2007-08 (ചെലവ്) | എൽ.എഫ്.എം.4/3285/14(8) തി.31.12.2014 | 24 | |
| 10 | 2008-09 | എൽ.എഫ്.എം.4/3285/14(9) തി.31.12.2014 | 15 | |
| 11 | 2009-10 | എൽ.എഫ്.എം.4/3285/14(10) തി.31.12.2014 | 10 | |
| 12 | 2010-11 | എൽ.എഫ്.എം.4/3285/14(11) തി.31.12.2014 | 12 | |
| 13 | 2011-12 | എൽ.എഫ്.എം.4/3285/14 തി.25.04.2018 | 7 | |
| 14 | 2012-13 | എൽ.എഫ്.എം.4/1127/14 തി.29.01.2016 | 3 | |
| 15 | 2013-14 | എൽ.എഫ്.എം.4/3311/14 തി.09.01.2015/24.01.2015 | 5 | |
| 16 | 2014-15 | എൽ.എഫ്.എം.4/2506/15 തി.18.04.2018 | 1 | |
| 17 | 2015-16 | നം.കെ.എസ്.എ.എം.പി.എം4/2841/2018 തി.14.06.2019 | 9 | |
| 18 | 2016-17 | കെ.എസ്.എ.എം.പി.എം4/159/2019 തി.01.06.2019 | 10 | |
| 19 | 2017-18 | കെ.എസ്.എ.എം.പി.എം4/1262/2019 തി.12.06.2019 | 9 | |

കുറിപ്പ്: 1999-2000 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തു കമ്മിറ്റിയുടെ ശക്തമായ ഇടപെടലുകളും തീരുമാനങ്ങളും ത്വരിതപ്പെടുത്തി പരാമർശങ്ങൾക്ക് തീർപ്പു കൽപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധ നൽകേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം4/1521/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
പിൻ- 676 505 ഫോൺ- 0483-2734951
ഇ-മെയിൽ- dompm.ksad@kerala.gov.i

തീയ്യതി. 24.08.2019

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം-വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215- ാം വകുപ്പ്, അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ 31.3.2019 ൽ അവസാനിച്ച വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രികയുടെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്